ഉത്തരം

ഇതുസംബന്ധിച്ച ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. കോഴിക്കോട് ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തരം ഭൂമി കൈമാറ്റ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി

152 (1195) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഭൂമി നൽകി ; വിശദാംശം നൽകുമോ ;

(സി) നിലവിൽ എസ് സി./എസ് റ്റി. വിഭാഗങ്ങളിൽ ഭൂരഹിതരായി എത്ര പേരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നല്കുമോ ;

(ഡി) സർക്കാരിന്റെ കൈവശം നിലവിൽ മിച്ചഭൂമിയിനത്തിൽ എത്ര ഭൂമിയുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കാവന്നൂർ മൃഗാശുപത്രിക്ക് സർക്കാർ ഭൂമി

153 (1196) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ, കാവന്നൂർ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ 37784/L3/14/R.D. നമ്പർ ഫയലിൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ 2014-15-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ഭൂമി പ്രസ്തുത സർക്കാർ മൃഗാശുപത്രിക്കായി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) 37784/L1/13/R.D നമ്പർ ഫയലിൽ കാവന്നൂർ ആയുർവ്വേദ ആശുപത്രിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഫണ്ട് ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നത് സംബന്ധിച്ച്

154 (1197) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സർക്കാർ ഭൂമി അനധികൃതമായി വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വില്ലേജ് അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ കണ്ടെത്തിയ സ്ഥലങ്ങൾ തിരിച്ചുപിടിക്കാനും സംരക്ഷിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) കെ.എൽ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly